## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 293** | **27-06-2024 - ൽ മറുപടിയ്ക്ക്**

## ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരികയാണ്. നൂതന സാങ്കേതിക വിദ്യയായ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ എല്ലാ കോളേജുകളിലും സംഘടിപ്പിച്ചു. ഈ വർഷം ഐ.എച്ച്.ആർ.ഡി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ കോഴ്സുകൾ, സെമിനാറുകൾ എന്നിവ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ സംഘടിപ്പിച്ചു വരുന്നു.<br><br>ഐ.എച്ച്.ആർ.ഡി സ്ഥാപനമായ മോഡൽ എഞ്ചിനീയറിംഗ് കോളേജിലടക്കം പ്രൊജക്റ്റ് സെന്റർ, റിസർച്ച് സെന്റർ, ഇന്റേൺഷിപ് എന്നിവ തുടങ്ങിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി കോളേജുകൾ അക്കാഡമിക്/ ഇൻഡസ്ട്രിയൽ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചേർന്ന് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്, ഇൻഡസ്ട്രി ഓൺ ക്യാമ്പസ് മുതലായ പദ്ധതികൾ നടത്തി വരുന്നു. |
| (ബി) | കാലാനുസൃതമായ കോഴ്സുകൾ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ നൂതനവും കാലാനുസൃതവുമായ ബി.ടെക്, ഡിപ്ലോമ, ബിരുദ കോഴ്സുകൾ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ്, ഡാറ്റ സയൻസ്, സൈബർ സെക്യൂരിറ്റി, സൈബർ ഫോറൻസിക് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ സയൻസ്, റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, സൈബർ ഫോറൻസിക് ആൻഡ് ഇൻഫർമേഷൻ സെക്യൂരിറ്റി, സൈബർ ഫോറൻസിക്) |

| | | | |
|---|---|---|---|
| | | | ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എൻജിനിയറിംഗ് മേഖലയിലെ ഗവേഷകർക്ക് ചുരുങ്ങിയ ചെലവിൽ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് നിലവാരമുള്ള റഫറൻസ് ജേണലുകൾ ആരംഭിക്കുന്നതിന് ഐ.എച്ച്.ആർ.ഡി. മുഖേന നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | കേരളത്തിലെ മുഴുവൻ ഗവേഷണ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും റഫറൻസിനായും, പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായും ഐ.എച്ച്.ആർ.ഡി യുടെ നേതൃത്വത്തിൽ ഒരു അന്താരാഷ്ട്ര റിസർച്ച് ജേർണൽ പ്രസിദ്ധീകരണം ആരംഭിച്ചിട്ടുണ്ട്. "International Journal of Science Technology & Innovation (IJSTI)" എന്ന അന്താരാഷ്ട്ര റിസർച്ച് ജേർണൽ 2024 ഫെബ്രുവരി 13ന് ലോഞ്ച് ചെയ്തു. പ്രസ്തുത റിസർച്ച് ജേർണൽ തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഐ.എച്ച്.ആർ.ഡി സ്വീകരിച്ചിട്ടുണ്ട്. ആയത് എഞ്ചിനീയറിംഗ് മേഖലയിലടക്കം ഗവേഷകർക്കും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് വളരെ സൗകര്യപ്രദമാണ്. |

സെക്ഷൻ ഓഫീസർ